# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 130 27.02.2017- ൽ മറുപടിയ്ക്ക്

## നോർക്ക റൂട്ട്സ് വഴി സാന്ത്വന സഹായ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ഡി.പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) നോർക്ക റൂട്ട്സ് വഴി സാന്ത്വന സഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ ; | എ) | തിരികെയെത്തിയ ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി 2005 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>ഈ പദ്ധതിയുടെ കീഴിൽ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ / കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000/- രൂപ വരെയും മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപ വരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000/- രൂപ വരെയും പ്രവാസിയുടെ / കുടുംബാംഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000/- വരെയും ഒറ്റത്തവണയായി ധനസഹായം നല്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത സഹായ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ? | ബി) | സാന്ത്വന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>• അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 1,00,000/- രൂപയിലധികമാകുവാൻ പാടില്ല.<br>• കുറഞ്ഞത് 2 വർഷം പ്രവാസിയായിരുന്നിരിക്കണം.<br>• പ്രവാസി തിരിച്ചെത്തിയ കാലം മുതൽ വിദേശത്ത് എത്ര വർഷം ജോലി ചെയ്തിരുന്നുവോ അഥവാ 10 വർഷമോ ഇതിലേതാണോ കുറവ് എന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രവാസ കാലയളവ് കണക്കാക്കുന്നത്.<br>• അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും ജോലിയുണ്ടായിരിക്കുവാൻ പാടുള്ളതല്ല. |

**സെക്ഷൻ ഓഫീസർ**